**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5428** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിന്റെ ഓഡിറ്റ് വിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകൾ വിശദമായി പരിശോധിക്കുന്നതിന് പ്രസ്തുത വകുപ്പിലെ വിജിലൻസ് വിഭാഗത്തിന് കൈമാറാൻ നിലവിൽ വ്യവസ്ഥയുണ്ടോ; അറിയിക്കാമോ; | (എ) | വ്യവസ്ഥയുണ്ട്. |
| (ബി) | ഇതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സഹകരണ നിയമത്തിൽ സമഗ്ര ഭേദഗതിക്കുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | സഹകരണ ബാങ്കുകളിൽ വ്യാപകമായി ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യുന്ന പശ്ചാത്തലത്തിൽ സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടിയുണ്ടാകുമോ; വിശദമാക്കുമോ? | (സി) | സഹകരണ ഓഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിയ്ക്ക് അനുസരിച്ച് ആവശ്യമായ തസ്തികയിൽ ഉള്ള ഓഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ഓഡിറ്റ് നടത്തുന്നതുമാണ്. എല്ലാതരം സംഘങ്ങളിലും ടീം ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതാണ്. കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ഓഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിയ്ക്ക് മാറ്റം വരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിയ്ക്ക് അനുസരിച്ച് ഓഡിറ്റ്ഫീസ് നിശ്ചയിക്കുകയും പ്രസ്തുത ഓഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ച കൊണ്ട് ഓഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതാണ്. സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതാണ്. ഓഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ഓഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതും, സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതുമാണ്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും നിലവിലുള്ള ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും, ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും, കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ഓഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ